6. എൻ.സി.സി., എൻ.എസ്.എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളെപ്പോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക

7. വിദ്യാർത്ഥികളിൽ പ്രകൃതിസ്നേഹം, പരിസ്ഥിതി സംരക്ഷണ ബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തുക

8. സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്തഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക

9. സ്വഭാവശുദ്ധിയിലും പെരുമാറ്റശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഒരു മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക

10. സമൂഹത്തിന്റെ സർവ്വോന്മുഖമായ പുരോഗതിയ്ക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ഒരു യുവ സമൂഹത്തെ സൃഷ്ടിക്കുക

(ബി) ഇല്ല.

നിയമസഭ പാസ്സാക്കിയ 2010-ലെ പോലീസ് നിയമത്തിന്റെ ഭേദഗതി

21 (1486) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമസഭ പാസ്സാക്കിയ 2010-ലെ പോലീസ് നിയമത്തിൽ എന്തെങ്കിലും ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) പോലീസ് ആക്റ്റിൽ പരാമർശിക്കുന്ന പോലീസ് സേനയുടെ കീഴിലെ ഏതെങ്കിലും തസ്തികയുടെ പേര് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) അതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

മളീമഠ് കമ്മീഷൻ ശിപാർശ

22 (1487) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു അന്വേഷണ ഉദ്യോഗസ്ഥൻ ഒരുവർഷം കൈകാര്യം ചെയ്യേണ്ട കേസ്സുകളുടെ എണ്ണം പത്തായി നിജപ്പെടുത്തണമെന്ന് ജസ്റ്റിസ് മളീമഠ് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇന്ത്യയിൽ ഏറ്റവും കൂടുതൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ പ്രസ്തുത ശിപാർശയോടുള്ള നിലപാടെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിൽ പ്രതിവർഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഒരു അന്വേഷണ ഉദ്യോഗസ്ഥൻ പ്രതിവർഷം ശരാശരി എത്ര കേസ്സുകൾ അന്വേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) കേസ്സിന്റെ വർദ്ധനവ് അന്വേഷണത്തിന്റെ വിശ്വാസ്യതയെ ബാധിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കേസ്സുകളുടെ ശരിയായ അന്വേഷണത്തിന് ക്രമസമാധാനവും കേസന്വേഷണവും വേർതിരിക്കണമെന്ന് കരുതുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേസ്സുകളുടെ എണ്ണത്തിനും സ്വഭാവത്തിനുമനുസൃതമായി അന്വേഷണ ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ പ്രായോഗികമായ രീതിയിൽ ആവശ്യമായ വർദ്ധനവ് വരുത്തുന്നതിന് അനുകൂല നിലപാടാണ് സംസ്ഥാനത്തിനുള്ളത്.

(സി) ശരാശരി ഇരുപത്തിഏഴായിരത്തോളം കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്.

(ഡി) ശരാശരി 50-നും 80-നും മദ്ധ്യേ കേസ്സുകൾ അന്വേഷിക്കുന്നുണ്ട്.

(ഇ) ബാധിക്കുന്നില്ല.

(എഫ്) 27-12-2006-ലെ സ.ഉ. (സാ) 3069/2006/ആഭ്യന്തരം പ്രകാരം വേർതിരിച്ച് കഴിഞ്ഞിട്ടുണ്ട്.

പുൽമേട് ദുരന്തം അന്വേഷണം

23 (1489) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുൽമേട്ടിൽ നടന്ന ദുരന്തം സംബന്ധിച്ച് ആർക്കെങ്കിലും എതിരെ ആഭ്യന്തര വകുപ്പ് ക്രിമിനൽ കേസ് എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുപ്രകാരമാണ് കേസ് എടുത്തിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(സി) പുൽമേട് ദുരന്തത്തിന്മേലുള്ള അന്വേഷണ പുരോഗതി വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly